Draft #7 of File 188403/AcA4/3/Fees for NC-clarification/2022 Approved by ASSISTANT REGISTRAR I (ACADEMIC) on 18-Jul-2024 11:11 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാലാ രേഖകളിൽ പേരുമാറ്റം വരുത്തുന്ന നടിപടിക്രമങ്ങൾ - പുനഃപരിശോധനാ റിപ്പോർട്ട് - അംഗീകാരം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 4 സെക്ഷൻ**

നമ്പർ. 6514/AC A 4/2024/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 18.07.2024

---

*പരാമർശം:*-1. 07.07.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് (23.04) - ഇനം നം: 174/23.04/188403/AcA4/3/Fees for NC-clarification/2022.

2. ഉത്തരവ് നം. 8742/AC A 4/2023/എം.ജി.യു, തീയതി 05.08.2023

3. 19.03.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് (24.02) - ഇനം നമ്പർ 1118/24.02/188403/AcA4/3/Fees for NC-clarification/2022.

**ഉത്തരവ്**

സർവ്വകലാശാലാ രേഖകളിലെ പേര് മാറ്റം വരുത്തുന്നതുമായി ബന്ധപ്പെട്ട നിലവിലെ നടപടിക്രമങ്ങൾ വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. ബിജു തോമസ്, സിൻഡിക്കേറ്റ് അംഗത്തിനെ ചുമതലപ്പെടുത്തിക്കൊണ്ട് പരാമർശം 1 പ്രകാരം 07.07.2023-ന് കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ തീരുമാനമായിരുന്നു. തദനുസരണം പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത ഉത്തരവുപ്രകാരം ഡോ. ബിജു തോമസ്, സിൻഡിക്കേറ്റംഗം, ഗസറ്റ് വിജ്ഞാപനം മുഖേന പേരുമാറ്റം വരുത്തിയ വിദ്യാർത്ഥികളുടെ പേര് സർവ്വകലാശാല രേഖകളിൽ മാറ്റിനൽകുന്നതിനുള്ള നടപടിക്രമങ്ങൾ താഴെപ്പറയുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പരിഷ്കരിക്കുന്നതിന് ശിപാർശ ചെയ്തുകൊണ്ട് റിപ്പോർട്ട് സമർപ്പിച്ചു.

- **സർവ്വകലാശാലയിൽ പ്രവേശനം നേടുന്നതിന് മുൻപ് ഗസറ്റിൽ പേര് മാറ്റം വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചവർക്ക് പുതിയ പേരിൽ അഡ്മിഷൻ നൽകുന്നതിനും പ്രോഗ്രാം പൂർത്തീകരിക്കുന്നതിന് മുൻപായി SSLC & Qualifying Certificate എന്നിവകളിൽ രേഖാമൂലം പേരുമാറ്റി നല്കാത്ത പക്ഷം അക്കാദമിക് വിഭാഗത്തിൽ നിന്നുള്ള Name Change അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാർക്ക് ലിസ്റ്റും, പ്രൊവിഷണൽ സർട്ടിഫിക്കറ്റും, ഡിഗ്രി സർട്ടിഫിക്കറ്റും നൽകുന്നതിനും**
- **വിദ്യാർത്ഥികൾക്ക് പേര് മാറ്റി നൽകുവാൻ അനുമതി നൽകിക്കൊണ്ടുള്ള അക്കാദമിക് വിഭാഗത്തിൽ നിന്നുള്ള ഉത്തരവിന്റെ തുടർനടപടികൾക്കായി പേരുമാറ്റി ലഭിക്കേണ്ട ഒർജിനൽ സർട്ടിഫിക്കറ്റ് അടക്കം അപേക്ഷ പരീക്ഷാ വിഭാഗത്തിൽ സമർപ്പിക്കുന്നതിനുള്ള സമയ പരിധി 3 മാസമായി നിശ്ചയിക്കുന്നതിനും, ടി വിവരം വിദ്യാർത്ഥികൾക്ക് നൽകുന്ന ഉത്തരവിൽ**

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

കൃത്യമായി സൂചിപ്പിക്കുന്നതിനും, നിശ്ചിത സമയപരിധിയ്ക്ക് ശേഷം അപേക്ഷ സമർപ്പിക്കുന്നവരിൽ നിന്നും ലേറ്റ് ഫീ ആയി 1000/- രൂപ (Per Programme) പരീക്ഷാ വിഭാഗത്തിൽ ഈടാക്കുന്നതിനും, അക്കാദമിക് ഉത്തരവിന്റെ അടിസ്ഥാനത്തിൽ പേരുമാറ്റം നടത്തുന്നതിനുള്ള നടപടികൾക്ക് പരീക്ഷാ വിഭാഗത്തിൽ നിന്ന് മറ്റ് ഫീസുകൾ ഈടാക്കേണ്ടതില്ല എന്ന് തീരുമാനിക്കുന്നതിനും

- Examination Manual-ൽ ചാപ്റ്റർ 9 ൽ (ക്ലോസ്സ് 9.11) പേരുമാറ്റുവാൻ വിദ്യാർത്ഥികൾക്ക് അവസരം നൽകിക്കൊണ്ടുള്ള വ്യവസ്ഥ പുനഃപരിശോധിക്കേണ്ടതില്ല എന്നും
- പേരിനൊപ്പം Gender-ഉം മാറ്റുന്ന വിദ്യാർത്ഥികൾക്ക് വ്യവസ്ഥകളും, നടപടിക്രമവും പേരുമാറ്റത്തിന് സമാനമായി നിലനിർത്തുന്നതിനും
- Name Change-നുള്ള അപേക്ഷകൾ സമർപ്പിക്കുന്നത് Online മുഖേനയാക്കുന്നതിനും,വിദ്യാർത്ഥി സമർപ്പിക്കുന്ന അപേക്ഷയിൽ Name Change വരുത്തി ലഭിക്കേണ്ട സർട്ടിഫിക്കറ്റുകൾ ഏതൊക്കെ എന്ന് കൃത്യമായ വിവരങ്ങൾ (പ്രോഗ്രാമുകളുടെയും, സർട്ടിഫിക്കറ്റുകളുടെയും വിവരങ്ങൾ) രേഖപ്പെടുത്തുന്ന രീതിയിൽ Name Change -നുള്ള അപേക്ഷാ ഫോർമാറ്റ് പരിഷ്കരിക്കുന്നതിനും, അപേക്ഷയിൽ അവസാനം പഠിച്ച കോളേജിലെ പ്രിൻസിപ്പാളിന്റെ ശുപാർശ വേണമെന്ന നിബന്ധന ഒഴിവാക്കുന്നതിനും
- വിദ്യാർത്ഥികൾ അപേക്ഷയിൽ കറക്ഷൻ ചെയ്ത് ലഭിക്കുന്നതിന് ആവശ്യപ്പെട്ടിരിക്കുന്ന മാർക്ക് ലിസ്റ്റ്/ സർട്ടിഫിക്കറ്റ് എന്നിവയുടെ എണ്ണമനുസരിച്ചുള്ള ഫീസ് സർവ്വകലാശാലയ്ക്ക് ലഭിക്കുന്ന രീതിയിൽ E-payment portal സജ്ജീകരിക്കുന്നതിനും
- പേരുമാറ്റം വരുത്തുന്നതിലേക്കായി സർവ്വകലാശാല നിലവിൽ ഈടാക്കുന്ന സീരിയൽ നം. 1-ൽ സൂചിപ്പിച്ചിരിക്കുന്ന ഫീസുകളോടൊപ്പം താഴെപ്പറയുന്ന രീതിയിൽ ഫീസ് ഈടാക്കുന്നതിനും

| Sl.No | Item | Fee Rate | |
|---|---|---|---|
| 1 | Name Correction/Name Change/Old Matriculation (നിലവിലുള്ള ഫീസ്) | Upto 1 year | 585/- |
| | | 1 to 5 y ears | 1165/- |
| | | 5 to 10 years | 2320/- |
| | | After 10 Years | 3860/- |
| 2 | Number of programmes (Applicable only if more than one Programme) | Per programme | 250/- |

Draft #7 of File 188403/AcA4/3/Fees for NC-clarification/2022 Approved by ASSISTANT REGISTRAR I (ACADEMIC) on 18-Jul-2024 11:11 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

| | | | |
|---|---|---|---|
| | (പുതിയതായി ചേർക്കുന്ന ഫീസ്) | programme | |
| 3 | Degree Certificate (പുതിയതായി ചേർക്കുന്ന ഫീസ്) | Per one programme | 700/- |
| 4 | Provisional Certificate (പുതിയതായി ചേർക്കുന്ന ഫീസ്) | Per one programme | 300/- |
| 5 | Seperate Grade Card/Mark List Fees (പുതിയതായി ചേർക്കുന്ന ഫീസ്) | per one programme | 425/- നിരക്കിൽ പരമാവധി 4000/- രൂപ വരെ |
| 6 | Consolidated Grade Card/ Mark List Fees (പുതിയതായി ചേർക്കുന്ന ഫീസ്) | Per one programme | 925/- നിരക്കിൽ പരമാവധി 5000/- രൂപ വരെ |

പരാമർശം 3 പ്രകാരം 19.03.2024-ന് കൂടിയ സിൻഡിക്കേറ്റ് യോഗം, സർവ്വകലാശാലാ രേഖകളിൽ പേര് മാറ്റം വരുത്തുന്ന നിലവിലെ നടപടിക്രമങ്ങൾ പുനഃപരിശോധിക്കുന്നതിനായി രൂപീകരിച്ച അന്വേഷണ കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

സർവ്വകലാശാലയിൽ പ്രവേശനം നേടിയ ശേഷവും, കോഴ്സ്/പ്രോഗ്രാം പൂർത്തീകരിച്ച/പാസായ ശേഷവും ഗസറ്റിൽ പേര് മാറ്റം വരുത്തി അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികളെക്കൂടി പരിഗണിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985-ലെ വകുപ്പ് 10 (17) പ്രകാരം തന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് വൈസ് ചാൻസലർ ചുവടെ ചേർത്തിരിക്കുന്ന തീരുമാനം ഉൾപ്പെടുത്തുവാൻ ഉത്തരവായിട്ടുണ്ട്.

- **സർവ്വകലാശാലയിൽ പ്രവേശനം നേടിയ ശേഷം, പ്രോഗ്രാം പൂർത്തീകരിച്ച് / പാസായ ശേഷം ഗസറ്റിൽ പേര് മാറ്റം വരുത്തിയ വിദ്യാർത്ഥികൾ SSLC & Qualifying Certificate എന്നിവകളിൽ രേഖാമൂലം പേരുമാറ്റം വരുത്താതെതന്നെ അക്കാദമിക് വിഭാഗത്തിൽ നിന്നുള്ള Name Change അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാർക്ക് ലിസ്റ്റും, പ്രൊവിഷണൽ സർട്ടിഫിക്കറ്റും, ഡിഗ്രി സർട്ടിഫിക്കറ്റും നൽകുന്നതിനും".**

വൈസ് ചാൻസലറുടെ ഉത്തരവുപ്രകാരം പ്രസ്തുത തീരുമാനങ്ങൾ 18.07.2024 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

Draft #7 of File 188403/AcA4/3/Fees for NC-clarification/2022 Approved by ASSISTANT REGISTRAR I (ACADEMIC) on 18-Jul-2024 11:11 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ശ്രീജിത്ത് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1 വൈസ് ചാൻസിലറുടെ / പ്രൊ വൈസ് ചാൻസിലറുടെ പി .എസ്.

2 രജിസ്ട്രാറുടെ / പരീക്ഷ കൺട്രോളറുടെ പി എ.

3 AR / DR / JR (അക്കാദമിക്/പരീക്ഷ )

4 അക്കാദമിക്/പരീക്ഷാ വിഭാഗം എല്ലാ സെക്ഷനുകൾക്കും.

5 IT Cell 1/2/3/PRO സെക്ഷൻ/ റെക്കോർഡ് സെക്ഷൻ.

6 ഫയൽ കോപ്പി/ സ്റ്റോക്ക് ഫയൽ.

Draft #7 of File 188403/AcA4/3/Fees for NC-clarification/2022 Approved by ASSISTANT REGISTRAR I (ACADEMIC) on 18-Jul-2024 11:11 PM - Page 4

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം